കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-415/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-415/2023 തീയ്യതി: 29/04/2023

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2022 മുതൽ 05-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	10-04-2023	19-04-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
10-04-2023	19-04-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. സണ്ണി എം. യു.,ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി. സാമുവൽ ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി.മഞ്ജു ബിജു	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.ശ്രീധരൻ എ	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.ഷാജി കെ.പി	അസി.എഞ്ചിനീയർ	01-04-2021	31-01-2022
ശ്രീ.വൈഷാഖൻ ആർ..എൽ	അസി.എഞ്ചിനീയർ	01-02-2022	31-03-2022
ഡോ.മിഥുൻ.കെ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2021	31-03-2022

ഡോ.രഹിന വി.കെ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2021	31-03-2022
ഡോ.അമ്പിളി എം.കെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	31-03-2022
ഡോ.അനുഷ സലിം	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി.ബിന്ദു ബി.നായർ	അസി.സെക്രട്ടറി	01-04-2021	16-07-2021
ശ്രീ.ബി.എസ്.ഉണ്ണികൃഷ്ണൻ	അസി.സെക്രട്ടറി	17-07-2021	31-03-2022
ശ്രീ.അരവിന്ദ് രാമചന്ദ്രൻ	വി.ഇ.ഒ	01-04-2021	30-09-2021
ശ്രീമതി.സരിത കൃഷ്ണൻ	വി.ഇ.ഒ	01-10-2021	31-03-2022
ശ്രീമതി.ജയന്തി.ജെ	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ.ജയദേവൻ എം.കെ	ഡയറി എക്സ്റ്റൻഷൻ ോഫീസർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	മോണിട്ടറിംഗ് സമിതി നിർജ്ജീവം	1-4-1
6	തൊഴിലുറപ്പ് പദ്ധതി	1-5
7	ക്ഷേമ പദ്ധതികൾ	1-6
8	ക്യാഷ് പരിശോധന	1-7
9	ആഭ്യന്തര നിയന്ത്രണം	1-8
10	വാർഷിക കണക്കിലെ അപാകതകൾ	1-9
11	ഉപോൽബലക രേഖകളുടെ പിൻബലമില്ലാതെ വരവിനങ്ങളിലെ കുടിശ്ശിക തുകകൾ ഒഴിവാക്കി	1-9-1
12	സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല	1-10
13	മണൽ വിൽപ്പന തത്സ്ഥിതി വിവരം	1-11
14	വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഭൂഗർഭ ജല വകിപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല	1-12
15	തരിശുഭൂമി കൃഷി - അപാകതകൾ	1-13
16	എസ്.എസ്.എ. വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-14
17	അസി. എൻജിനീയറുടെ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - വാടകയിൽ നിന്നും ആദായ നികുതി കുറവ് വരുത്തിയില്ല	1-15
18	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിച്ചു	1-16
19	വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു	1-17
20	നിക്ഷേപ പ്രവൃത്തികൾ പണി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സം	1-18
21	എച്ച്.എം.സി. കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല	1-19
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾ	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മോബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

02-02-2021-ലെ 1(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹1,06,89,158/- മുന്നിരിപ്പും ₹21,77,39,400/- വരവും ₹20,10,10,000/- ചെലവും ₹2,74,18,558/- നീക്കിയിരിപ്പും ഉള്ള വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-22-ലെ ബജറ്റ് 25-02-2021-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതിയുടെ അംഗീകാരം നേടി.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2022	04-08-2022	-	-

വാർഷിക ധനകാര്യ പത്രിക യഥാസമയം ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

		മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് തുക (₹)
വികസന ഫണ്ട്	വികസന ഫണ്ട് – പൊതുവിഭാഗം	0	20536000	20536000	20505554	
	വികസന ഫണ്ട് – എസ്.സി.പി.	0	4656455	4656455	4320499	
	വികസന ഫണ്ട് – ടി.എസ്.പി.	0	461200	461200	381993	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	3824000	3824000	4447395	623395
	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	9692371	9692371	2384091	7308280
സംരക്ഷണ ഗ്രാന്റ്	സംരക്ഷണ ഗ്രാന്റ്-റോഡ്	0	16412993	16412993	15111333	
	സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	8412485	8412485	7637353	
കേന്ദ്രാവിഷ്കൃത ഫണ്ട്	ഐ.സി.ഡി.എസ്.	900317	467444	1367761	921462	446299
	ടോട്ടൽ സാനിറ്റേഷൻ	38053	170000	208053	170000	38053
സംസ്ഥാനാവിഷ്കൃത ഫണ്ട്	ശുചിത്വ മിഷൻ	1374085	48000	1422085	0	1422085
	സാക്ഷരത	317476	30059	347535	30059	317476
കൈമാറി കിട്ടിയ വകുപ്പുകൾ	കൃഷി	45000	0	45000	0	45000
	ഫിഷറീസ്	32224	0	32224	0	32224
	സാമൂഹ്യനീതി	25200	0	25200	0	25200
	ആരോഗ്യം	4273	0	4273	0	4273
	പട്ടിക ജാതി	17252	0	17252	0	17252
	പഞ്ചായത്ത്	29073	0	29073	0	29073
മറ്റ് ഫണ്ടുകൾ	വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ്	47000	0	47000	0	47000
	ജലനിധി	357160	519689	876849	831195	45654
	എം.എൽ.എ. ഫണ്ട്	53258	349700	402958	336700	66258
	പകർവ്യാധി നിയന്ത്രണം	4000	0	4000	0	4000
അവാർഡ്		0	110000	110000	0	110000
ഐ.സി.ഡി.എസ്. 320100196		0	558606	558606	0	558606

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ഗ്രാന്റ് പത്രികയിൽ പ്രസ്തുത തുക വരവിലെടുത്തിട്ടില്ല.

ഫണ്ട്	ലൈഫ് ലോൺ	അംഗൻവാടി ഹോണറേറിയം

	₹	₹
വികസനഫണ്ട് (ജനറൽ)	2980776	1795800
വികസനഫണ്ട് (SCP)	316418	
വികസനഫണ്ട് (TSP)	105473	

. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വികസന ഫണ്ട് ഇനത്തിലെ പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിലായി ലഭിച്ച നാലാം ഗഡു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ടിനം	സർക്കാർ ഉത്തരവ് നം. & തീയതി	തുക ₹
പട്ടിക ജാതി വിഭാഗം	സ.ഉ.(സാധാ)2617/22/ധന., തീ:31.03.2022	265455
പട്ടിക വർഗ്ഗ വിഭാഗം	സ.ഉ.(സാധാ)2617/22/ധന. തീ:31.03.2022	79200

1-4 പദ്ധതി അവലോകനം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ (എണ്ണം)	നടപ്പാക്കാത്ത പദ്ധതികൾ (എണ്ണം)	അടങ്കൽ ₹	ചെലവ് ₹	ചെലവ് ശതമാനം
1.	സെക്രട്ടറി	36	29	7	13287088	9158813	68.93
2.	അസി. സെക്രട്ടറി	5	5	0	1313590	1133000	86.25
3.	അസിസ്റ്റന്റ് എൻജിനീയർ	161	129	32	59412077	34619400	58.23
4.	കൃഷി ഓഫീസർ	8	8	0	3331238	2388838	71.71
5.	വെറ്ററിനറി സർജൻ	8	8	0	3772800	2835010	75.14
6.	വി.ഇ.ഒ.	17	17	0	57297211	7885211	13.76
7.	എം.ഒ. - പി.എച്ച്.സി.	2	2	0	1859540	1852034	99.6
8.	എം.ഒ.- ആയുർവ്വേദം	3	3	0	700000	700000	100
9.	ഐ.സി.ഡി.എസ്.	8	8	0	7489563	6779038	90.51
10.	എം. ഒ.-ഹോമിയോ	1	1	0	150000	150000	100
11.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	0	2211350	1900988	85.97
	ആകെ	250	211	39	150824457	69402332	46.02

1-4-1 മോണിട്ടറിംഗ് സമിതി നിർജ്ജീവം

ഗ്രാമ പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതിൽ നിന്നും ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയും ഗുണമേന്മയും സുതാര്യതയും ഉറപ്പ് വരുത്തേണ്ട സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിച്ചിട്ടില്ല എന്ന് കാണുന്നു. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹

തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	56934	4900479	4957413	4957389	24
തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ		82073715	82073715	82073715	

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	7560	11
കർഷക തൊഴിലാളി പെൻഷൻ	6009600	1974
വിധവാപെൻഷൻ	14459200	945
വാർദ്ധക്യകാല പെൻഷൻ	43228400	3009
വികലാംഗ പെൻഷൻ	6312000	336

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.04.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹45,555/- (നാൽപ്പത്തയ്യായിരത്തി അഞ്ഞൂറ്റി അമ്പത്തഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതു മരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തു നികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി

പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2. മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3. സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4. സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5. ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6. ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1) അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-18ലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3) ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4) ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹1,56,804/- നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഏത് പദ്ധതിയിൽ നിന്നുള്ള ഗുണഭോക്തൃ

വിഹിതമാണ് എന്ന് വ്യക്തമല്ല.

5) ബാലൻസ് ഷീറ്റ് ബി-11 പ്രകാരമുള്ള ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

6) ഗ്രാന്റുകളുടെ ACR സൂക്ഷിക്കാത്തതിനാൽ ബി-4ൽ ഉൾപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല.

7) സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകളുടെ വിവരം സംബന്ധിച്ച ഗവ. ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ ബി-9ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത വ്യക്തമല്ല.

8) പ്രധാന നികുതിയിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) 412010101-Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ പാർട്ട് ബിൽ, ഫൈനൽ ബിൽ ക്രമീകരണത്തിന്റെ കൃത്യത വ്യക്തമല്ല.

10) ലൈഫ് ലോൺ ഇനത്തിൽ ലഭ്യമായ തുക ചിലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു (ബി-4 Code 320300199).

11) I-19ൽ Prior Period Income-ൽ ഒഴിവാക്കിയ നികുതി ഇനങ്ങൾക്ക് ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12) നികുതിയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തൻവർഷ/കുടിശ്ശിക തുകകൾ B-15ൽ ചേർത്തിട്ടില്ല. ഒഴിവാക്കിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

1-9-1 ഉപോൽബലക രേഖകളുടെ പിൻബലമില്ലാതെ വരവിനങ്ങളിലെ കുടിശ്ശിക തുകകൾ ഒഴിവാക്കി

2020-21 ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വിവിധ വരവിനങ്ങളിലായി താഴെപ്പറയുന്ന കുടിശ്ശികയുണ്ട്. പ്രസ്തുത കുടിശ്ശിക, അതതിന്റെ തൻവർഷത്തെ കളക്ഷൻ എന്നിവ പരിശോധിച്ചപ്പോൾ ബാലൻസ് തുകകളിൽ വ്യത്യാസമുള്ളതായി കണ്ടെത്തി. കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	മുൻവർഷ വാർഷിക കണക്കുകൾ പ്രകാരം കുടിശ്ശിക	RP 45 പ്രകാരം തൻവർഷ കളക്ഷൻ	തൻവർഷ വാർഷിക കണക്കിൽ കുടിശ്ശിക ബാക്കിയായി വരേണ്ട തുക	തൻവർഷ വാർഷിക കണക്കുകൾ പ്രകാരമുള്ള നിലവിലെ കുടിശ്ശിക	ഇൻകം ആന്റ് എക്സ്പെൻഡിച്ചറിലെ പ്രയർ പീരിയഡ് ഇനത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കിയ തുക
1	വസ്തു നികുതി-പാർപ്പിടേതരം	108793	11096	97697	0	97697
2	സ്ഥാപന തൊഴിൽ നികുതി	156890	1550	155340	0	155340
3	തൊഴിൽ നികുതി-ട്രേഡേഴ്സ്	244770	240	244530	0	244530
4	ലൈസൻസ്	447435	0	447435	0	447435
5	വാടക	1529738	6420	1523318	0	1523318

തൻവർഷം കളക്ഷൻ നൂറ് ശതമാനമാണെന്നും സാംഖ്യയിൽ നിന്ന് ഐ.എൽ.ജി.എം.എസ.-ലേക്ക് പി.ഡി.ഇ. ചെയ്യുപ്പോഴും വർഷാവസാനത്തിലും ഡിമാന്റ് ചെയ്തത് വഴി ഡിമാന്റിൽ ഇരട്ടിപ്പ് ഉണ്ടായതിനാലാണ് പ്രസ്തുത അപാകതയുണ്ടായതെന്നും ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

1-10 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് 2021-22 വർഷം ലീഗൽ ഫീസായി ₹47,000/- ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട

കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് സംബന്ധിച്ച വിഷയം, കോടതി കേസിന്റെ തുടർ നടപടികൾ, വിചാരണ തീയതികൾ, വിധിയുടെ വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-11 മണൽ വിൽപ്പന തത്സ്ഥിതി വിവരം

ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ വാരി വിവിധ സ്റ്റോക്ക് യാർഡുകളിൽ നിക്ഷേപിച്ചിരുന്ന മണലിന്റെ വിൽപ്പനയുടെയും ബാക്കി സ്റ്റോക്കിന്റെ സൂക്ഷിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	യാർഡ്	രജിസ്റ്റർ പ്രകാരം അളവ് (Ft3)	വിറ്റ അളവ് (Ft3)	മറ്റ് യാർഡുകളിലേക്ക് മാറ്റിയ അളവ് (Ft3)	ബാക്കി അളവ് (Ft3)	
1	സെന്റ് ജോർജ്ജ് യാക്കോബായ ചർച്ച് വെള്ളത്തുവൽ	11500	7950	3550	0	ഇല്ലിച്ചുവട് കള്ള് ഷാപ്പ് യാർഡിലേക്ക് മാറ്റി
2	ഇല്ലിച്ചുവട് കള്ള് ഷാപ്പ്	28550	24340	4210	0	കെ.എസ്.ഇ.ബി. യാർഡിലേക്ക് മാറ്റി
3	വെള്ളത്തുവൽ ഹൈസ്കൂൾ ഗ്രൗണ്ട്	57100	56960		140	ഉപയോഗശൂന്യമായി
4	ഹൈറേഞ്ച് ഡയറി യാർഡ്	22500	19100	3400	0	എൽ. പി. സ്കൂൾ ചെങ്കുളം യാർഡിലേക്ക് മാറ്റി
5	വെള്ളത്തുവൽ കെ.എസ്.ഇ.ബി. ഗ്രൗണ്ട്	24310	14400		9910	
6	കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സിന് സമീപം	7150	5600	0	1550	
7	എൽ. പി. സ്കൂൾ ചെങ്കുളം ഗ്രൗണ്ട്	47550	21640		25910	
				ആകെ	37370	

സ്റ്റോക്ക് പ്രകാരമുള്ള മണൽ ഉപയോഗശൂന്യമാകാതെ വിറ്റ് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-12 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഭൂഗർഭ ജല വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

താഴെപ്പറയുന്ന കുഴൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അന്തിമ ബിൽ പ്രകാരം ചെലവാകാതെ അവശേഷിക്കുന്ന തുക ഭൂഗർഭ ജല വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

പദ്ധതി	ഒടുക്കിയ തുക(₹)	അന്തിമ ബിൽ പ്രകാരമുള്ള ചെലവ് തുക(₹)	ഭൂഗർഭ ജല വകുപ്പിലേക്ക് ഒടുക്കുവാനുള്ള തുക(₹)	ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള തുക(₹)
അൽഫോൻസാപ്പള്ളി ജംഗ്ഷൻ കുഴൽ കിണർ	67595	106653	39058	
പനംകുട്ടി വാൽവ് ഹൗസ് കുഴൽ കിണർ	114103	95119		18984
അമ്പിളിക്കുന്ന് അംഗൻവാടി മാൻകടവ് കുഴൽ കിണർ	65786	109250	43464	

ബാലൻപടി കുഴൽ കിണർ	65646	64387		1259
കത്തിപ്പാറ കോളനി ഭാഗം കുഴൽ കിണർ	119703	57977		61726
മാൻപടി കടവ് അംഗൻവാടി കുഴൽ കിണർ	30000	93944	63944	
കരിമ്പനപ്പടി കുഴൽ കിണർ	114103	35750		78353
പനംകുട്ടി ഡബിൾ കട്ടിംഗ് കുഴൽ കിണർ	67595	34700		32895
പനംകുട്ടി വാൽവ് ഹൗസ് ചങ്ങനാട്ടുപടി കുഴൽ കിണർ	114103	53479		60624
കല്ലാർകുട്ടി ഐ.ബി കുഴൽ കിണർ	119703	72821		46882
കല്ലാർകുട്ടി വർക്ക് ഷോപ്പ് ഭാഗം കുഴൽ കിണർ	119703	44878		74825
നായ്ക്കുന്നിൽ കുഴൽ കിണർ	114103	28302		85801
	1112143	797260	146466	461349

അന്തിമ ബിൽ പ്രകാരം ചെലവാകാതെ അവശേഷിക്കുന്ന ₹3,14,883/-(461349-146466) ഗ്രാമ പഞ്ചായത്തിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 തരിശുഭൂമി കൃഷി - അപാകതകൾ

പദ്ധതി	സുഭിക്ഷ കേരളം -തരിശുഭൂമി കൃഷി
പദ്ധതി നമ്പർ	S0244/22
ബിൽ നമ്പർ	21101052008201326625/തീയതി. 15-30-2022, തുക ₹110000/-

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സുഭിക്ഷ കേരളം തരിശുഭൂമി കൃഷി പദ്ധതിയ്ക്കായി ₹1,10,000/- ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ., തീയതി. 29-05-2020ലെ ഖണ്ഡിക നമ്പർ 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്. അപേക്ഷയിൽ കൃഷി ചെയ്ത ഭൂമി തരിശു ഭൂമിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ 2.2.2 പ്രകാരം മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടം തരിശായി കണക്കാക്കി അതിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായിട്ടാണ് ധനസഹായം നല്കേണ്ടത്. എന്നാൽ അപേക്ഷയോടൊപ്പം കൃഷി ഭൂമി സംബന്ധിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ക്രമ നമ്പർ 2-2-3 പ്രകാരം തരിശ് ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് തരിശ് കൃഷിയുടെ ആനുകൂല്യം നല്കാവുന്നത്. എന്നാൽ അപേക്ഷയിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പദ്ധതി നടത്തിപ്പും തുടർ മോണിറ്ററിംഗും കാര്യക്ഷമമാക്കേണ്ടതാണ്.

1-14 എസ്.എസ്.എ. വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സമഗ്ര ശിക്ഷാ അഭിയാൻ-കേരള പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹8,27,210/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	ബിൽ നം./തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
എസ്.എസ്.എ.	21100252012900252798	വികസന ഫണ്ട്	135000	സെക്രട്ടറി

വിഹിതം നൽകൽ (02/2022	തീ. 29.07.2021 2110025201290103 6147 തീ. 31.01.2022	(പൊതുവിഭാഗം)	692210	

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം എ.എസ്.എ. പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹8,27,210/- തടസ്സപ്പെടുത്തുന്നു.

1-15 അസി. എൻജിനീയറുടെ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - വാടകയിൽ നിന്നും ആദായ നികുതി കുറവ് വരുത്തിയില്ല

പ്രോജക്ട് നമ്പർ	24/അസി. എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ	₹177255/- (തനത് ഫണ്ട്) ₹222745/- (മെയിന്റനൻസ് ഗ്രാന്റ്)
ചെലവ്	₹177255/- (തനത് ഫണ്ട്) ₹98550/- (മെയിന്റനൻസ് ഗ്രാന്റ്)

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ശ്രീ. മന പ്രസാദ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ജീപ്പ് ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത് ഉപയോഗിച്ച ഇനത്തിൽ ₹2,15,090/- വാടകയായി അദ്ദേഹത്തിന് നല്കിയിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി. പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. നൽകിയ വാഹന വാടകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	മാസം	വാടക ₹	വൗച്ചർ നം./ബിൽ നം./തീയതി
1	10/2021	26510	184352/10.11.2021
2	11/2021	34725	184382/08.12.21
3	12/2021	37830	181655/10.01.21
4	01/2022	35205	180972/14.02.22
5	02/2022	37380	180960/ 09.03.22
6	03/2022	43440	180940/31.03.22
	ആകെ	215090	
	ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (1%)	2150	

ആദായ നികുതി പ്രസ്തുത വ്യക്തിയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-16 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിച്ചു

പ്രോജക്റ്റ് പേര്	15/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ഉൽപാദക ഇൻസന്റീവ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	₹2211350/-
ചെലവ്	₹1900988/-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ.(എം.എസ്.)22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8 അനുസരിച്ച്, ഒരു ക്ഷീര കർഷകന് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുക ₹40,000/-യാണ്. എന്നാൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത പരിധിയിലധികരിച്ച് സബ്സിഡി അനുവദിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്, അക്കൌണ്ട് വിശദാംശങ്ങൾ	തുക വിതരണം ചെയ്ത സ്ഥാപനം	പദ്ധതി	ബിൽ നം.	തുക ₹	ആകെ ₹	അധികം അനുവദിച്ച തുക ₹
1	Reji Babu K. K., KALARIKKAL, State Bank Of India Vellathooval (IFSC:SBIN0008689) 32955718133	Vellathooval Grama Panchayat	Incentive To Milk Producers	21101052008800880576	8224.00	45947	5947
				21101052008800939666	15189.00		
				21101052008801337801	13935.00		
		Adimaly Block Panchayat	Milk Incentive	21101063010701146026	7440.00		
				21101063010701336233	1159.00		
2	Solly Mathew, Keerikkattil, Federal Bank ADIMALY (IFSC:FDRL0001364) 13645500013021	Vellathooval Grama Panchayat	Incentive To Milk Producers	21101052008800880576	20031.00	56028	16028
				21101052008800939666	8787.00		
				21101052008801337801	11448.00		
		Adimaly Block Panchayat	Milk Incentive	21101063010700831343	15762.00		
3	SINI MATHEW, MAILADIYIL HOUSE, State Bank Of India Vellathooval (IFSC:SBIN0008689) 10561838461	Vellathooval Grama Panchayat	Incentive To Milk Producers	21101052008800880546	15481.00	81129	41129
				21101052008800939688	25667.00		
				21101052008801337823	18582.00		
		Adimaly Block Panchayat	Milk Incentive	21101063010700831362	10374.00		
				21101063010701336285	1392.00		
				21101063010701336300	9633.00		
4	Jose T. V., Thachil, Federal Bank ADIMALY (IFSC:FDRL0001364) 13640100169547	Vellathooval Grama Panchayat	Incentive To Milk Producers	21101052008800880576	12015.00	66124	26124
				21101052008800939666	21193.00		
				21101052008801337801	22389.00		
		Adimaly Block Panchayat	Milk Incentive	21101063010700831343	9048.00		
				21101063010701336233	1479.00		

ക്രമ നമ്പർ	പേര്, അക്കൌണ്ട് വിശദാംശങ്ങൾ	തുക വിതരണം ചെയ്ത സ്ഥാപനം	പദ്ധതി	ബിൽ നം.	തുക ₹	ആകെ ₹	അധികം അനുവദിച്ച തുക ₹
							89228

ഗ്രാമ പഞ്ചായത്ത് ആനുകൂല്യം വിതരണം ചെയ്ത ഏതാനും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ മാത്രം പരിശോധിച്ചപ്പോൾ ലഭിച്ച വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8ൽ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് ക്ഷീര കർഷകന് സബ്സിഡി അനുവദിക്കാവുന്നത്.

1. ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹4/- തോതിൽ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം (ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- ഉൾപ്പെടെ).

2. സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമായോ പദ്ധതി നടപ്പാക്കാം.

മേൽ വ്യവസ്ഥകൾ പ്രകാരം പാലിന് സബ്സിഡി അനുവദിക്കുമ്പോൾ ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1/- പദ്ധതി നിർവ്വഹണത്തിന് ലഭിക്കാറില്ല. അതിനാൽ തന്നെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ നൽകുന്ന തുക കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തിന് കൈമാറി ഡയറി ഫാം ഇൻസ്ട്രക്ടർ വഴി പദ്ധതി നടപ്പാക്കുമ്പോൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴിയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നത്. മേൽ പദ്ധതി വഴി ഒരു വർഷം ക്ഷീര കർഷന് പരമാവധി ₹40000/- ആണ് അനുവദിക്കേണ്ടതെങ്കിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലമാണ് മേൽ വ്യക്തികൾക്ക് സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിച്ചത്. സബ്സിഡി അനുവദിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ അതത് വർഷം പാലിന് സബ്സിഡിയായി ഓരോ വ്യക്തിക്കും ലഭിച്ച തുക തിട്ടപ്പെടുത്താത്തത് മൂലമാണ് പ്രസ്തുത അപാകത ഉണ്ടാകുന്നത്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി(നം. 10/25.04.2023)ക്ക് മറുപടി ലഭ്യമായില്ല. ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാത്തപക്ഷം അധികം നല്കിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-17 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമ നം.	വൗച്ചർ നമ്പർ തീയതി	തുക ₹	ഇനം	തടസ്സ കാരണം
1	22100885/25.01.22	73726	പി.എച്ച്.സി.-ക്ക് ഡാറ്റാ എൻട്രി നടത്തുന്നതിനായി ലാപ് ടോപ്പ് വാങ്ങി നൽകിയത്	സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല
2	22100756/31.12.21	29994	ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റ പണികൾ നടത്തുന്നതിനായി ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയത് ജെ.&റ്റി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയത്	ക്വട്ടേഷൻ ഹാജരാക്കിയില്ല
3	22100980/02.02.22	7000	ശ്രീ. ജോർജ്കുട്ടി മാത്യു – അഡ്വക്കേറ്റ് ഫീസ് നൽകിയത്	കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല
4	22100981/02.02.22	7000	– ടി -	– ടി -

5	22100982/02.02.22	7000	– ടി –	– ടി –
6	22100983/02.02.22	7000	– ടി –	– ടി –
7	22100984/02.02.22	7000	– ടി –	– ടി –
	22100985/02.02.22	7000	– ടി –	– ടി –
	22101065/17.02.22	5000	ശ്രീ. മനോജ് തോപ്പിൽ – അഡ്വക്കേറ്റ് ഫീസ് നൽകിയത്	– ടി –
	22100949/31.01.22 22100237/02.09.21 22101144/17.02.21	12000 26100 12100	വിവിധ അച്ചടി ജോലികൾ ചെയ്തതിന് വനിത പ്രിന്റിംഗ് പ്രസ്സിന് തുകകൾ നൽകിയ്	ക്വട്ടേഷൻ ഹാജരാക്കിയില്ല
	22100608/01.12.21	10149	മിനി ടിപ്പർ – വാഹനത്തിന്റെ ഇൻഷ്വറൻസിനായി പിൻവലിച്ചത്	കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല
	ആകെ	211069		

മേൽ അപാകതകൾക്ക് ഉപോൽബലകമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-18 നിക്ഷേപ പ്രവൃത്തികൾ പണി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സം

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് മുൻകൂർ ആയി ജില്ലാ ഭൂജല വകുപ്പ്, ഇടുക്കിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത തുക ₹9,54,420/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മുൻകൂർ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
127/22 വെള്ളത്തുവൽ കമ്മ്യൂണിറ്റി ഹാളിന് കുഴൽ കിണർ	22101293 തീ:29.03.2021	77345	0	77345
129/22 ആനവിരട്ടി കുരിശുപള്ളി കുഴൽ കിണർ പദ്ധതി	22101379 തീ:28.03.2022	90278	0	90278
132/22 സന്തോഷ് മരോട്ടിമൂട്ടിൽ കുഴൽ കിണർ പദ്ധതി	20101052011901393209 തീ:27.03.2021	31073	0	31073
134/22 അമ്പഴച്ചാൽ-മാങ്ങാപ്പാറ കുഴൽ കിണർ പദ്ധതി	22101379 തീ:28.03.2022	84830	0	84830
135/22 ചെങ്കുളം-മാങ്ങാപ്പാറ കുഴൽ കിണർ പദ്ധതി	22101291 തീ:20.03.2022	50865	0	50865
136/22 ചേറാടിക്കുന്ന് കുഴൽ കിണർ പദ്ധതി	22101290 തീ:20.03.2022	77345	0	77345
149/22 ഏൽക്കുന്ന് മറ്റത്തിപ്പാറ കുഴൽ കിണർ	22101289 തീ:20.03.2022	99726	0	99726
153/22	20101288	49659	0	49659

ശല്യാംപാറ സിറ്റി കുഴൽ കിണർ	തീ:20.03.2022			
150/22 മുളവാൻകുടി പയറ്റുകാലാ പടി കുഴൽ കിണർ പദ്ധതി	22101284 തീ:20.03.2022	58441	0	58441
160/22 നായ്ക്കുന്ന് ഭാഗം കുഴൽ കിണർ	22101287 തീ:20.03.2022	46497	0	46497
165/22 കുട്ടക്കാസിറ്റി കുഴൽ കിണർ	22101289 തീ:20.03.2022	100278	0	100278
255/22 ഉറുമ്പുകല്ലേൽ കുടി കുഴൽ കിണർ	22101285 തീ:20.03.2022	77345	0	77345
256/22 പോത്തുപാറ ദേവഗിരി കുഴൽ കിണർ	22101281 തീ:20.03.2022	68609	0	68609
260/22 വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ കുഴൽ കിണർ പദ്ധതി	22101282 തീ:20.03.2022	42129	0	42129
	ആകെ	954420		954420

1-19 എച്ച്.എം.സി. കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനയ്ക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ്
2021-22	ഓഡിറ്റിനൊപ്പം പരിശോധിച്ചു	സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

4-2 സംയുക്ത പ്രോജക്റ്റുകൾ

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്റ്റിന്റെ പേര്	തുക ലഭിച്ച വർഷം	തൻവർഷം ലഭിച്ച തുക ₹	ചെലവ് ₹	ബാലൻസ് ₹
ബ്ലോക്ക്പഞ്ചായത്ത്	ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ	2021-22	250000	250000	0
ജില്ലാ പഞ്ചായത്ത്	ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ	2021-22	499962	499962	
ജില്ലാ പഞ്ചായത്ത്	പട്ടിക ജാതി വിഭാഗകാർക്ക് സ്ഥലം	2021-22	225000	225000	
ജില്ലാ പഞ്ചായത്ത്	പട്ടിക വർഗ്ഗവിഭാഗകാർക്ക് സ്ഥലം	2021-22	450000	450000	
ജില്ലാ പഞ്ചായത്ത്	ക്ഷീര കർഷകർക്ക് ഉത്പാദക ഇൻസെന്റീവ്	2021-22	500000	500000	

4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
ജില്ലാ ഭൂജല വകുപ്പ് ഇടുക്കി	127/22 വെള്ളത്തൂവൽ കമ്മ്യൂണിറ്റി ഹാളിന് കുഴൽ കിണർ	22101293 തീ:29.03.2021	77345	0	77345
	129/22 ആനവിരട്ടി കുരിശുപള്ളി കുഴൽ കിണർ പദ്ധതി	22101379 തീ:28.03.2022	90278	0	90278
	132/22 സന്തോഷ് മരോട്ടിമൂട്ടിൽ കുഴൽ കിണർ പദ്ധതി	20101052011901393209 തീ:27.03.2021	31073	0	31073
	134/22 അമ്പഴച്ചാൽ- മാങ്ങാപ്പാറ കുഴൽ കിണർ പദ്ധതി	22101379 തീ:28.03.2022	84830	0	84830
	135/22 ചെങ്കുളം-മാങ്ങാപ്പാറ കുഴൽ കിണർ പദ്ധതി	22101291 തീ:20.03.2022	50865	0	50865
	136/22 ചേറാടിക്കുന്ന് കുഴൽ കിണർ പദ്ധതി	22101290 തീ:20.03.2022	77345	0	77345
	149/22 ഏൽക്കുന്ന് മറ്റത്തിപ്പാറ കുഴൽ	22101289 തീ:20.03.2022	99726	0	99726

	കിണർ				
	153/22 ശല്യംപാറ സിറ്റി കുഴൽ കിണർ	20101288 തീ:20.03.2022	49659	0	49659
	150/22 മുതുവാൻകുടി പയറ്റുകാലാ പടി കുഴൽ കിണർ പദ്ധതി	22101284 തീ:20.03.2022	58441	0	58441
	160/22 നായ്ക്കുന്ന് ഭാഗം കുഴൽ കിണർ	22101287 തീ:20.03.2022	46497	0	46497
	165/22 കുടുക്കാസിറ്റി കുഴൽ കിണർ	22101289 തീ:20.03.2022	100278	0	100278
	255/22 ഉറുമ്പുകല്ലേൽ കുടി കുഴൽ കിണർ	22101285 തീ:20.03.2022	77345	0	77345
	256/22 പോത്തുപാറ-ദേവഗിരി കുഴൽ കിണർ	22101281 തീ:20.03.2022	68609	0	68609
	260/22 വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ കുഴൽ കിണർ പദ്ധതി	22101282 തീ:20.03.2022	42129	0	42129

4-4 മോബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹1,00,90,588/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക ₹	തൻ വർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
					മുതൽ	പലിശ	
ഭവന വായ്പ (HUDCO)	ജി.ഒ.(എം.എസ്.) നം.110/2018 തീ.13.08.2018	33500000	10090588	39228667	4382667	0	4382667

4-6 സ്ഥിര നിക്ഷേപം

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/തീയതി
2017-18	2-4	40000	സെക്രട്ടറി, എസ്.സി.ബി, വെള്ളത്തൂവൽ	120010103678/13.01.2022

4-8 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	പ്രവർത്തനാവലോകനം	2013-14	5-3 (ബി)	വ്യവസായ തൊഴിൽ സംരംഭങ്ങൾ	തുടരുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാധ്യത ₹	റിമാർക്സ്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
1	2	3	4	5	6	7	8	9	10	11	12	13	14
1	1997-98	31 32 34 35	ശ്രീ. എം. റ്റി. രാജു സെക്രട്ടറി	എൽ.എഫ്./ 22660/ സ്പെ.സെൽ. /എസ്.സി./ 2/2001/ 23.10.02	13327		ഇല്ല					13327	
2	1999-00	24, 26 (1-7), 27,28	ശ്രീ. ബി. നോബർട്ട് സെക്രട്ടറി	എൽ.എഫ്./ 15632/ സ്പെ.സെൽ. /എസ്.സി./ 2/2002/ 21.02.03	10647		ഇല്ല					10647	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹27863810
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹102047874
ആകെ	₹129911684
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹103273196
നീക്കിയിരിപ്പ്	₹26638488
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹1992699

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
- ഇല്ല -			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	827210	ശ്രീ. ശ്രീധരൻ എ., സെക്രട്ടറി, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്
1-17	211069	ശ്രീ. ശ്രീധരൻ എ., സെക്രട്ടറി, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്
1-18	954420	ശ്രീ. ശ്രീധരൻ എ., സെക്രട്ടറി, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹	സർക്കാർ
ഇല്ല		

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ശ്രീധരൻ എ., സെക്രട്ടറി	സെക്രട്ടറി, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്	ഗോകുലം വീട് കോടാവിളാകം പി. ഒ. പാറശ്ശാല തിരുവനന്തപുരം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം	അവശേഷിക്കുന്ന ഖണ്ഡികകൾ
1996-97	എൽ.എഫ്.ഐ.7/99/ 98/ 29.06.98	5	30,31,32,35,37
1997-98	എൽ.എഫ്.ഐ.8/ 592/99/ 01.12.99	7	28,31,32, 34,35,36,38
1999-00	എൽ.എഫ്.ഐ.8-508/2001/ 01.01.2002	4	21(2), 23, 24, 26,27,28
2001-02	എൽ.എഫ്.ഐ.8-289/2004/ 13.01.2005	1	13
2002-03	എൽ.എഫ്.ഐ.8-210/2005/ 10.08.2005	2	3-10 (എ)&(ബി), 3-11
2003-04	എൽ.എഫ്.ഐ. 7/632/2007/ 05.10.2007	1	3-3
2005-06	എൽ.എഫ്.ഐ. 7/83/2008/16.10.2008	1	3-5,3-7
2006-07	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2006-07)	2	2.5,3.2

2007-08	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2007-08)	2	3.7,3.8
2008-09	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2008-09)	8	3.3,3.4,3.5, 3.6,3.9,3.10, 3.11,3.12
2009-10	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2009-10)	6	3.3,3.4,3.6, 3.8,3.9,3.11
2010-11	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2010-11)	2	3.2,3.3
2011-12	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2011-12)	1	3.7
2012-13	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2012-13)	0	
2013-14	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2013-14)	4	3.2,3.4, 3.6,3.8
2014-15	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2014-15)	1	3.1
2015-16	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2015-16)	8	2.2,3.2
2016-17	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2016-17)	5	2.2, 3.1,3.6,3.10,3.11
2017-18	കെഎസ്എ-ഐ.ഡി.കെ-പി.7/1441(2017-18)	6	3.1,3.3, 3.5,3.6, 3.7,3.8
2018-19	കെഎസ്എ-ഐ.ഡി.കെ.11-97/2019/ 20.11.2019	20	1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-34
2019-20	കെഎസ്എ-ഐ.ഡി.കെ-7/197/22 തീയതി 10.03.2022	44	1-1 മുതൽ 1-32 വരെ, 2-1, 4-1 മുതൽ 4-11 വരെ
2020-21	കെഎസ്എ-ഐ.ഡി.കെ-7/1013/22 തീയതി 30.07.2022	14	1-9 മുതൽ 1-23 വരെ

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്